I/169890/2023

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. ഇ3-2860/2023/മെ.വി.വ.** **തീയതി: 03-08-2023**

*Regd. with AD.*

## <u>കൂടിക്കാഴ്ചയ്ക്കുള്ള അറിയിപ്പ്</u>

വിഷയം : മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം – ജീവനക്കാര്യം ഓഫീസ് അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള കരാർ നിയമനം – സംബന്ധിച്ച്.

സൂചന : 1. തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 06/07/2023 – ലെ 10-2023/447 നമ്പർ ഉത്തരവ്.

തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന State Board of Medical research - ൽ ഓഫീസ് അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ (കരാർ നിയമനം-ഒരു വർഷം) തസ്തികയിലേയ്ക്ക് (consolidated pay of Rs. 21,175) പരിഗണിക്കുന്നതിനുവേണ്ടി താങ്കൾ (പേര്, വിലാസം പ്രത്യേകമായി ഉള്ളടക്കം ചെയ്യുന്നു) <u>16/08/2023 തീയതി രാവിലെ 10.30 ന് കൂടിക്കാഴ്ചയ്ക്കായി താഴെപ്പറയുന്ന അസ്സൽ രേഖകളും അവയുടെ ഓരോ പകർപ്പും സഹിതം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.</u> ആയതിൽ വീഴ്ച വരുത്തുന്നവരെയും നിശ്ചിത സമയത്ത് ഹാജരാകാത്തവരെയും പ്രസ്തുത നിയമനത്തിന് പരിഗണിക്കുന്നതല്ല.

- ജനന തീയതി, വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
- ജോലി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- അവിവാഹിത/ വിധവ/ നിയമാനുസൃത വിവാഹ മോചനം നേടിയവർ/ വൈഫ് ഓഫ് മിസ്ഡ് പേർസൺ/ ജവാൻറെ ആശ്രിത മുതലായ വിഭാഗത്തിൽപ്പെട്ടവർ ആയത് തെളിയിക്കുന്ന നിയമാനുസൃത രേഖകൾ.
- പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന വില്ലേജ് അധികാരിയുടെ സർട്ടിഫിക്കറ്റ് (വിധവകൾക്കും/ വിവാഹമോചിതർക്കും മാത്രം ബാധകം). പ്രസ്തുത സർട്ടിഫിക്കറ്റ് കൂടിക്കാഴ്ചയുടെ തീയതിക്ക് മുൻപുള്ള തീയതിയിലേതായിരിക്കണം.
- ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ജാതിയുടെ അടിസ്ഥാനത്തിൽ നിയമനത്തിന് അർഹതയുള്ളവർക്ക് മാത്രം).
- റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് (ജാതിയുടെ അടിസ്ഥാനത്തിൽ നിയമനത്തിന് അർഹതയുള്ളവർക്ക് മാത്രം).
- എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്.
- വികലാംഗത്വമുണ്ടെങ്കിൽ അതിന്റെ ശതമാനം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡിന്റെ

സർട്ടിഫിക്കറ്റ്.

- പട്ടാളക്കാരുടെ ആശ്രിതരാണെങ്കിൽ ആയതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
- ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്.
- കൂടിക്കാഴ്ചയ്ക്കുള്ള അറിയിപ്പ്.

വിശ്വസ്തതയോടെ,
ഡയറക്ടർക്കു വേണ്ടി

JAYA V V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്: കൂടിക്കാഴ്ചയ്ക്കുള്ള ഉദ്യോഗാർഥികൾ. (പേര്, വിലാസം -പട്ടിക പ്രത്യേകമായി ഉള്ളടക്കം ചെയ്യുന്നു).

NB: അവിചാരിതരായി ടി ദിവസം അവധി/ വാഹന പണിമുടക്ക് മുതലായവ വരുകയാണെങ്കിൽ 18/08/2023 തീയതി രാവിലെ 10.30 ന് കൂടിക്കാഴ്ച നടത്തുന്നതാണ്.